മരം മുറിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ബഹു:ഹൈക്കോടതി ഉത്തരവ്

13 (1952) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ തോട്ടങ്ങളിൽനിന്ന് മരം മുറിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ബഹു:ഹൈക്കോടതിയുടെ ഉത്തരവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവ് നിമിത്തം ചെറുകിട തോട്ടം ഉടമകൾ അനുഭവിക്കുന്ന ദുരിതങ്ങൾ പരിഹരിക്കണമെന്ന കൃഷിക്കാരുടെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ മറ്റു ജില്ലകളിലെ കൃഷിക്കാരെപ്പോലെ സ്വന്തം ഭൂമിയിൽ നിന്ന് മരം മുറിക്കുന്നതിന് അനുവാദം നൽകുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ നടപ്പു സമ്മേളനത്തിൽത്തന്നെ നിയമനിർമ്മാണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

പ്രകൃതിക്ഷോഭ സഹായ നിധിയിൽ നിന്നും ചെലവഴിച്ച തുക

14 (1953) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ സഹായ നിധിയിൽനിന്നും കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഉൾക്കൊള്ളിച്ചതും ചെലവഴിച്ചതുമായ തുകയെ സംബന്ധിക്കുന്നതുമായ വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) ഇതേ കാലയളവിൽ പ്രകൃതിക്ഷോഭ സഹായ നിധിയിലേക്ക് കേന്ദ്രസഹായമായി എത്ര തുക ലഭ്യമായിട്ടുണ്ട് ;

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത നിധിയിലേക്ക് എത്ര തുകയാണ് വകകൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്നതും അതിന്റെ സംസ്ഥാന വിഹിതവും മുൻവർഷം ചെലവഴിക്കാതെ തുക ബാക്കിയുണ്ടെങ്കിൽ അതുംഉൾപ്പെടെയാണ് ഓരോ വർഷവും പ്രകൃതി

LIBRARY ARCHIVES Kerala Legislative Assembly